# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4701      27.6.2014-ൽ മറുപടിക്ക്

### നഗരസഭാ പദ്ധതികളിലെ സാങ്കേതിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, ആർ. സെൽവരാജ്<br>,, വി. റ്റി. ബൽറാം<br>,, അൻവർ സാദത്ത് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായംനൽകുന്നതിന് കേന്ദ്ര ധന സഹായം അനുവദിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇതനുസരിച്ച് നഗരങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽഎന്തെല്ലാം മാറ്റങ്ങളും തയ്യാറെടുപ്പുകളുമാണ് വരുത്താനുദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) നഗരസഭകളുടെ പദ്ധതി നടത്തിപ്പിനായി 14 ജില്ലാതല റിഫോം & പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളും അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു സംവിധാനവും സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| സി) നഗരസഭകളിലെ വികസനപ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും കാര്യക്ഷമമാക്കാനും ഇത് എത്രമാത്രം സഹായകമാകും എന്നാണ് കരുതുന്നത് ; വിശദമാക്കുമോ; | സി) ഈ പദ്ധതിയിലൂടെ ഓരോ ജില്ലയിലും സ്ഥാപിക്കുന്ന റിഫോം & പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകൾ വഴി വിവിധ വിഷയങ്ങളിൽ പ്രാവീണ്യം തെളിയിച്ച ആറ് വിദഗ്ധരുടെ സേവനം ഉറപ്പാക്കാൻ കഴിയും. ഈ സംവിധാനത്തിലൂടെ നഗരവികസനവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ നടത്താനുദ്ദേശിക്കുന്ന ശാക്തീകരണ പ്രക്രിയകൾ നഗരസഭകളുടെ വികസനപ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും കാര്യക്ഷമമാക്കാനും സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി) കേന്ദ്രസഹായം ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു സംസ്ഥാനതല ഉന്നതാധികാര സമിതി രൂപീകരിക്കുകയും തിരുവനന്തപുരം നഗരസഭയുടെ സെക്രട്ടറിയെ നോഡൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ